CHRISTIAN MUSICOLOGICAL SOCIETY OF INDIA

# വി. മാമോദീഥയുടെ തക്സ

(മാർ ഈശോയൗ കാഥോലിക്കഹ്ദയ്യാവായയാൽ എഴുതപ്പെട്ടതും, പിന്നീട് മാർ ഈലിയ പാത്രിയർക്കീസിനാൽ പരിഷ്കരിക്കപ്പെട്ടതുമായ തക്സ)

### പ്രാരംഭം

അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം (മൂന്നു പ്രാവശ്യം) ഭൂമിയിൽ സമാധാനം, മനുഷ്യർക്ക് നല്ല പ്രത്യാശ, എന്നും എന്നേയ്ക്കും ആമീൻ.

***എല്ലാവരും ചേർന്ന് :***

സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ
നിന്റെ നാമം പരിശുദ്ധമാക്കപ്പെടട്ടെ.
നിന്റെ രാജ്യം വരേണമേ.
"പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീ ആകുന്നു.
സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ
നിന്റെ മഹത്വത്തിന്റെ ആധിക്യംകൊണ്ട്
സ്വർഗ്ഗങ്ങളും ഭൂമിയും നിറഞ്ഞിരിക്കുന്നു
മാലാഖമാരും മനുഷ്യരും
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് നിന്നോട് നിലവിളിക്കുന്നു"

സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടട്ടെ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകട്ടെ. ഞങ്ങളുടെ ആവശ്യത്തിനുള്ള അപ്പം ഇന്ന് ഞങ്ങൾക്ക് തരികയും



7

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോട് ക്ഷമിക്കുകയും ചെയ്യേണമേ. ഞങ്ങളെ പരീക്ഷയിലേയ്ക്ക് പ്രവേശിപ്പിക്കയുമരുതേ. എന്നാൽ ദുഷ്ടനിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമീൻ

**പുരോഹിതൻ :** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

**ശമ്മാശനും ജനവും :** അനാദി മുതൽ എന്നേയ്ക്കും ആമീൻ.

***എല്ലാവരും :***

സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ
നിന്റെ നാമം പരിശുദ്ധമാക്കപ്പെടട്ടെ
നിന്റെ രാജ്യം വരേണമേ
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീ ആകുന്നു.
സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ
നിന്റെ മഹത്വത്തിന്റെ ആധിക്യംകൊണ്ട്
സ്വർഗ്ഗങ്ങളും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് നിന്നോട് നിലവിളിക്കുന്നു.

**ശമ്മാശൻ :** നാം പ്രാർത്ഥിക്കുക, നമ്മോടുകൂടെ സമാധാനം

(പുരോഹിതൻ പ്രാർത്ഥന ചൊല്ലുന്നു)

**സ്ലോത്ത :** ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവെ, നിന്റെ കൃപയിൻ കരുണകളാൽ ഞങ്ങളുടെ ജാതിയുടെ പുതുക്കത്തിന്നും രക്ഷയ്ക്കുമായി നല്കപ്പെട്ടതായ വിമോചനം നല്കുന്ന വിശുദ്ധ മാമോദീഥാ രഹസ്യങ്ങളെ അനുഷ്ഠിക്കുന്നതിന്നായിട്ട് നിന്റെ മനോഗുണത്താൽ ഞങ്ങളുടെ ബലഹീനതയെ ശക്തീകരിക്കേണമെ. എന്നേക്കും സർവ്വനാഥനായ.......

**ഉത്തരം :** ആമീൻ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

**സങ്കീർത്തനം 84 : 1 മുതൽ അവസാനംവരെ.**

**[സങ്കീർത്തനത്തിലെ ആദ്യവാചകത്തിനുശേഷവും സങ്കീർത്തനം മുഴുവൻ വായിച്ചതിനുശേഷവും "ബാവായ്ക്കും......." എന്നതിന്റെ അവസാനത്തിലും, ആദ്യസങ്കീർത്തനവാചകം ആവർത്തിച്ച് അതിന്റെ അവസാനത്തിലും "കാനോന വാക്യം" ചൊല്ലുന്നു. ഇത് പൊതുവെ തക്സയിലെ എല്ലാ സങ്കീർത്തനങ്ങൾക്കും ബാധകമാകുന്നു]**

**കാനോന വാക്യം :** *"എല്ലാറ്റിനേയും ശുദ്ധീകരിക്കുന്ന ദൈവമെ, നിന്റെ വിശുദ്ധ മന്ദിരം എത്രയോ മനോഹരവും സ്തുതിക്കപ്പെട്ടതുമാകുന്നു."*

സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം! എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ഛിച്ചു മോഹിച്ചു പോകുന്നു.

**കാനോന വാക്യം :** *: "എല്ലാറ്റിനേയും ശുദ്ധീകരിക്കുന്ന ദൈവമെ, നിന്റെ വിശുദ്ധ മന്ദിരം എത്രയോ മനോഹരവും സ്തുതിക്കപ്പെട്ടതുമാകുന്നു."*

1. സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം! എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ഛിച്ചു മോഹിച്ചു പോകുന്നു.
2. എന്റെ ഹൃദയവും എന്റെ മാംസവും ജീവനുള്ള ദൈവത്തെ നോക്കി ഘോഷിക്കുന്നു.
3. കുരികിൽ ഒരു വീടും മീവൽപക്ഷി കുഞ്ഞുങ്ങൾക്ക് ഒരു കൂടും കണ്ടെത്തിയിരിക്കുന്നു: എന്റെ രാജാവും എന്റെ ദൈവവുമായ സൈന്യങ്ങളുടെ യഹോവേ, നിന്റെ യാഗപീഠങ്ങളെ തന്നേ.
4. നിന്റെ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ; അവർ നിന്നെ നിത്യം സ്തുതിച്ചുകൊണ്ടിരിക്കും.
5. ബലം നിന്നിൽ ഉള്ള മനുഷ്യൻ ഭാഗ്യവാൻ; ഇങ്ങനെയുള്ളവരുടെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉണ്ട്.



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

6. കണ്ണുനീർ താഴ്വരയിൽകൂടി കടക്കുമ്പോൾ അവർ അതിനെ ജലാശയമാക്കിത്തീർക്കുന്നു. മുന്മഴയാൽ അത് അനുഗ്രഹ പൂർണ്ണമായി തീരുന്നു.

7. അവർ മേല്ക്കുമേൽ ബലം പ്രാപിക്കുന്നു. എല്ലാവരും സീയോനിൽ ദൈവസന്നിധിയിൽ ചെന്നെത്തുന്നു.

8. സൈന്യങ്ങളുടെ ദൈവമായ യഹോവേ, എന്റെ പ്രാർത്ഥന കേൾക്കേണമേ:

9. ഞങ്ങളുടെ പരിചയായ ദൈവമേ നോക്കേണമേ: നിന്റെ അഭിഷിക്തന്റെ മുഖത്തെ കടാക്ഷിക്കേണമേ.

10. നിന്റെ പ്രാകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസത്തേക്കാൾ ഉത്തമമല്ലൊ; ദുഷ്ടന്മാരുടെ കൂടാരങ്ങളിൽ പാർക്കുന്നതിനെക്കാൾ എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതിൽ കാവൽക്കാരനായിരിക്കുന്നത് എനിക്ക് എറെ ഇഷ്ടം.

11. യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു; യഹോവ കൃപയും മഹത്വവും നല്കുന്നു; നേരോടെ നടക്കുന്നവർക്ക് അവൻ ഒരു നന്മയും മുടക്കുകയില്ല.

12. സൈന്യങ്ങളുടെ യഹോവേ, നിന്നിൽ ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.

**കാനോന വാക്യം :** *"എല്ലാറ്റിനേയും ശുദ്ധീകരിക്കുന്ന ദൈവമെ, നിന്റെ വിശുദ്ധ മന്ദിരം എത്രയോ മനോഹരവും സ്തുതിക്കപ്പെട്ടതുമാകുന്നു."*

ബാവായ്ക്കും ................. അനാദി .................

**കാനോന വാക്യം :** *"എല്ലാറ്റിനേയും ശുദ്ധീകരിക്കുന്ന ദൈവമെ, നിന്റെ വിശുദ്ധ മന്ദിരം എത്രയോ മനോഹരവും സ്തുതിക്കപ്പെട്ടതുമാകുന്നു."*

സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം! എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ഛിച്ചു മോഹിച്ചു പോകുന്നു.

**കാനോന വാക്യം :** *"എല്ലാറ്റിനേയും ശുദ്ധീകരിക്കുന്ന ദൈവമെ, നിന്റെ വിശുദ്ധ മന്ദിരം എത്രയോ മനോഹരവും സ്തുതിക്കപ്പെട്ടതുമാകുന്നു."*



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

**ശമ്മാ :** നമുക്ക് പ്രാർത്ഥിക്കാം, നമ്മോടുകൂടെ സമാധാനം

**സ്ലോത്ത :** തന്റെ കൃപയാലും കരുണകളാലും ഞങ്ങളുടെ അന്വേഷണത്തിന്നായി പുറപ്പെടുകയും ഞങ്ങളുടെ വിനാശത്തിൽ ഞങ്ങളെ കണ്ടുപിടിക്കയും ഞങ്ങളുടെ തിരിച്ചുവരവിൽ ഇഷ്ടപ്പെടുകയും ചെയ്ത നല്ല ഇടയനായുള്ളോവേ, നിന്റ മനോഗുണത്താൽ ഞങ്ങളുടെ നേരെ തിരിഞ്ഞ് നിന്റെ കുടുംബാവകാശത്തിലേയ്ക്ക് ഞങ്ങളെ കൈക്കൊള്ളേണമെ എന്നേക്കും സർവ്വനാഥനായ.........

**(കർണ (മാമോദീഥയ്ക്കുള്ള സൈത്ത്) എടുത്തുകൊണ്ടുവരുവാൻ കത്തിച്ച മെഴുകുതിരി, ധൂപം എന്നിവയോടുകൂടി പുരോഹിതനും ശമ്മാശനും മദ്ബ്ഹായിലേക്ക് പോകുന്നു. കർണ കൊണ്ടുവന്നതിനുശേഷം തക്സയും ഈവൻഗാലിയോനും സ്ലീവയും എടുത്തുകൊണ്ട് അവർ നേരെ ഹൈക്കലക്കു പുറത്തു നിൽക്കുന്ന പൈതങ്ങളുടെ അടുക്കലേക്ക് ചെല്ലുന്നു)**

**ശമ്മാ :** നമുക്ക് പ്രാർത്ഥിക്കാം, നമ്മോടുകൂടെ സമാധാനം

**[പുരോഹിതൻ കുട്ടികളുടെ തലമേൽ കൈവെച്ചു താഴെ പറയുന്ന സ്ലോത്ത ചൊല്ലുന്നു]**

**സ്ലോത്ത :** കർത്താവെ ഞങ്ങളോട് നീ അരുളിച്ചെയ്തതായ നിന്റെ കരുണകളുടെ വാഗ്ദത്തം നിറവേറ്റേണമെ. യാചിപ്പിൻ നിങ്ങൾക്കു ലഭിക്കും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്കു തുറക്കും എന്ന് ഞങ്ങളോട് അരുളിച്ചെയ്ത നിന്റെ കരുണയുടെ വാഗ്ദത്തത്തെ കർത്താവേ നീ നിറവേറ്റേണമെ. വചനത്താലുള്ള പ്രവർത്തിയും വാഗ്ദത്തത്താലുള്ള സംരംഭവും ധന്യമാക്കപ്പെടുമാറാകട്ടെ. എന്തുകൊണ്ടെന്നാൽ നിന്റെ നൽവരം വിജ്ഞാനികൾക്കും വിവേകികൾക്കും മാത്രമല്ല ലഭിക്കുന്നത് എന്നാലോ അറിവില്ലാത്തവരുടെ നിലയിലുള്ള സ്വഭാവത്തിൽ സ്ഥിതിചെയ്യുന്ന ശൈശവ അളവിലുള്ളവർക്കും നിന്റെ കരുണയുടെ വാതിൽ തുറക്കപ്പെട്ടിരിക്കുന്നു. നിന്റെ മുമ്പാകെ നില്ക്കുന്ന ഈ ശിശു(ക്കൾ)



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

അപ്രകാരമുള്ളവരാണല്ലൊ. കൃപമൂലം ഇവരെ ജീവിപ്പിക്കുന്ന വലയിൽ പൊതിയേണമെ. പുണ്യമാകുന്ന മാമോദീസയുടെ പരിശുദ്ധ പാത്രത്തിൽ ഇവരെ ഇടേണമെ. അവിടെ നിന്ന് തങ്ങളുടെ വിശ്വാസത്തിന്റെ വളർച്ചക്കായി ആത്മീകമായ പുതുജനനം ഇവർ പ്രാപിക്കേണമെ. പാപത്തിന്റെ കറയാൽ ഇവരുടെ ശരീരം കളങ്കപങ്കിലമാകാതിരിക്കേണമെ. മാറ്റം വരാത്തതായ നൈർമ്മല്യം ഇവർ പ്രാപിക്കേണമെ. ഇവരെ മ്ശിഹായുടെ അവയവങ്ങളാക്കിത്തീർക്കേണമെ. തന്റെ രഹസ്യങ്ങളുടെ മേശയിൽനിന്ന് ഇവർ വളർച്ചപ്രാപിക്കേണമെ. ശാരീരികമായ വളർച്ചയിലും ആത്മീയപോഷണത്തിലും ഇവർ ഒന്നിച്ച് പുഷ്ടിപ്രാപിക്കേണമെ. വരുവാനിരിക്കുന്ന ലോകത്തിന്റെ ശക്തി നിന്റെ കൃപയാൽ ഇവർ ഗ്രഹിക്കുമാറാകട്ടെ. യാചിക്കാതെതന്നെ അതിന്റെ സാദൃശ്യത്തെ ഇപ്പോൾതന്നെ നീ ഇവർക്ക് നല്കിയിരിക്കുന്നുവല്ലൊ. ഇവർ വിളിക്കാതെതന്നെ നിന്റെ വാതിൽ നീ ഇവർക്ക് തുറന്ന് കൊടുത്തിരിക്കുന്നു. തങ്ങളുടെ അടുത്തേക്കുള്ള നിന്റെ ദാനത്തെപ്രതി സത്യവാന്മാരായ നിന്റെ സുഹൃത്തുക്കളോടുകൂടെ ഇവർ നിനക്ക് സ്തുതിയും ബഹുമാനവും സ്തോത്രവും ആരാധനയും കരേറ്റുമാറാകേണമെ. ഹാശാ വൌഹുൽസ്വൻ........

എല്ലാവരും : ആമീൻ

[ഓരോ പൈതലിന്റേയും തലയ്ക്കുമുകളിൽ വായുവിൽ റുശ്മചെയ്യുന്നു.]

[തള്ളവിരലിന്റെ അടുത്തുള്ള ചൂണ്ടാണിവിരൽകൊണ്ടു "കർണ്ണ"യിൽനിന്ന് സൈത്ത് തൊട്ട് പൈതങ്ങളുടെ ഓരോരുത്തരുടേയും നെറ്റിമേൽ താഴെനിന്ന് മേലോട്ടും അവരുടെ വലത്തുനിന്ന് ഇടത്തോട്ടും സ്ലീവ വരച്ചുകൊണ്ടു പറയുന്നു.]

**"ഈ അഭിഷേക തൈലത്താൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്താൽ (ഇന്ന.......) മുദ്രയിടപ്പെടുന്നു"**

എല്ലാവരും : ആമീൻ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കയും നിന്റെ അറിവിന്ന് ഞങ്ങളെ യോഗ്യരാക്കുകയും ഞങ്ങൾ നിന്നിൽനിന്ന് കൈക്കൊണ്ട പദവിയാൽ ഞങ്ങളുടെ സ്വഭാവത്തിന്റെ ഹീനതയെ ഉയർത്തുകയും വരുവാനിരിക്കുന്നതും അനശ്വരമായതുമായ നന്മകളുടെ പങ്ക് ഞങ്ങൾക്കു നല്കുകയും ചെയ്തു. ഞങ്ങളുടെ വീണ്ടെടുപ്പിന്നും ആത്മാക്കളുടെ രക്ഷക്കും പുത്ര സ്വീകാര്യത്തിന്റെ പരിപൂർണ്ണതയെ കാലം വരുമ്പോൾ സമ്പാദിക്കുന്നതിന്നും ഞങ്ങൾ കാത്തിരിക്കുന്നു. ആത്മീകമായ മാമോദീഥായുടെ വിശുദ്ധ രഹസ്യങ്ങൾ മുഖേന സ്വീകരിക്കുന്നതായ പരിശുദ്ധാത്മാവിന്റെ അച്ചാരവും നീ ഞങ്ങൾക്ക് നൽകി. ഈ നിന്റെ ദാസന്മാരും ദാസിമാരും ഇന്നെ ദിവസം നിന്റെ അടുക്കലേക്ക് വന്നിരിക്കുന്നു. ഈ നിന്റെ ദാനത്തെ ഇവർ ധരിക്കുകയും ഇവരുടെ പാപങ്ങളുടെ അരിഷ്ടതയിൽനിന്ന് ഇതിനാൽ മോചനം പ്രാപിക്കയും തങ്ങളുടെ ജീവന്റെ തലവനായ മ്ശീഹായുടെ ശരീരത്തിൽ ഇവർ ശുദ്ധീകരിക്കപ്പെട്ട അവയവങ്ങളായിത്തീരുകയും ചെയ്തിരിക്കുന്നു. ഭക്തിയുള്ള നടത്തിപ്പിലും വിശുദ്ധിയുള്ള പെരുമാറ്റത്തിലും നിന്റെ കൃപ ഇവരെ കാത്തുകൊള്ളുന്നതിന്നുവേണ്ടി ഇവർ കാത്തിരിക്കുന്നു. അഴിഞ്ഞുപോകാത്തതായ പുതുജീവന്റെ സന്തോഷത്തിന്ന് നമ്മുടെ രക്ഷിതാവായ ഈശോമ്ശീഹായുടെ മഹത്തായ ഉദയത്തെ നീതിയും വിശ്വാസവും നിറഞ്ഞുകൊണ്ട് ഇവർ കൈക്കൊള്ളട്ടെ. മാത്രമല്ല നിനക്ക് മഹത്വവും ബഹുമാനവും പുകഴ്ചയും ആരാധനയും ഇവർ കരേറ്റുമാറാകട്ടെ. ഹാശവവ് ഹുൽസ്വൻ വൽആലം ആൽമീൻ.

**(ഹാശ വവ്ഹുൽസ്വൻ പറയുമ്പോൾ ശിശുക്കളെ ഒന്നാകെ റൂശ്മ ചെയ്യുന്നു)**

**വീണ്ടും കൈവെപ്പിന്റെ ഈ പ്രാർത്ഥന ചൊല്ലുന്നു.**

നിങ്ങൾ കൈക്കൊണ്ടതായ പരിശുദ്ധാത്മാവിന്റെ അച്ചാരവും നിങ്ങൾ സ്വീകരിച്ചതായ മ്ശീഹായുടെ രഹസ്യവും നിങ്ങൾ എടുത്തതായ ജീവനുള്ള റുശ്മയും നിങ്ങൾ സമ്പാദിച്ചതായ പുതുജീവനും നിങ്ങൾ ധരിച്ചതായ നീതിയുടെ ആയുധവും ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നിങ്ങളെ സംരക്ഷിക്കുകയും നിങ്ങളുടെ അവയവങ്ങളെ നൈർമ്മല്യമായി വിശുദ്ധീകരിക്കുകയും ചെയ്യുമാറാകട്ടെ. നമ്മുടെ കർത്താവീശോമ്ശീഹായുടെ വെളിപാടിൽ വരുവാനിരിക്കുന്ന അനശ്വരമായ നന്മകൾക്കായിട്ടും പുതിയ ലോകത്തിൽ അവന്റെ വലത്തു ഭാഗത്തുള്ള നില്പിന്നായിട്ടും നിങ്ങളെ അടയാളപ്പെടുത്തിയിരിക്കുന്ന ഈ റുശ്മ നിങ്ങൾക്കു തകുമാറാകട്ടെ. പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും സ്തുതിയും പുകഴ്ചയും ആരാധനയും കരേറ്റുവാൻ തന്നെ ഹാശ വവ്ഹുൽസ്വൻ വൽ ആലം ആൽമീൻ.

(ഹാശ വവ്ഹുൽസ്വൻ പറയുമ്പോൾ ശിശുക്കളുടെ തലമേൽ സ്ലീവ വരക്കുന്നു.)

അനന്തരം "കർണ്ണ" എടുത്ത് പുരോഹിതന്റെ വലതുകയ്യിന്റെ തള്ളവിരൽകൊണ്ട് (ചുണ്ടുവിരൽകൊണ്ടല്ല) ശിശുക്കളുടെ ഓരോരുത്തരുടേയും നെറ്റിമേൽ താഴെനിന്ന് മേലോട്ടും വലത്തുനിന്ന് ഇടത്തോട്ടും തൈലംകൊണ്ട് വരച്ച് മുദ്രയിടുന്ന സമയത്ത് ചൊല്ലുന്നത് :

*"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്താൽ (ഇന്ന ശിശു) മാമോദീസാ മുങ്ങുകയും സ്ഥിരീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു ആമീൻ."*

(കിരീടങ്ങളുടെ പ്രാർത്ഥന) നിന്റെ ദാനത്തിന്റെ വിശുദ്ധിയാൽ നിന്റെ ഈ ദാസരെ അണിയിക്കുകുയും നിന്റെ ബഹുമാനത്തിന്ന് വിശുദ്ധിയുള്ള ആലയങ്ങളായിത്തീരുവാൻ നിന്റെ കൃപകൊണ്ട് ഇവരെ നിറയ്ക്കുകയും ചെയ്തതിനാൽ നിന്റെ വിശുദ്ധ നാമത്തിന്ന് മഹത്വവും നിന്റെ കർതൃത്വത്തിന്ന് ആരാധനയും അർപ്പിക്കുന്നു. എന്നേക്കും സർവ്വനാഥയ........

പിന്നീട് ശിശുക്കളുടെ ഓരോരുത്തരുടേയും തലയിൽ കിരീടം വെച്ചുകൊണ്ടുപറയുന്നു:

*"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്താൽ ആഘോഷത്തിന്നും ആനന്ദത്തിന്നുമായി (ഇന്നശിശു) ഇതാ കിരീടം ധരിപ്പിക്കപ്പെടുന്നു."*



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

(ഇവിടത്തെ പതിവ് കിരീടംവെച്ച് കഴിഞ്ഞാൽ ഹൂത്താമ കൊടുക്കലാണ്)

## ഹൂത്താമ

ഉന്നതത്തിൽനിന്ന് ഇറങ്ങിവന്നവനും ബലഹീനമായ ഞങ്ങളുടെ ജഡം ധരിച്ച് അവന്റെ ദൈവത്വത്തിന്റെ സർവ്വത്തോടുംകൂടി ഒരു ദാസനെപ്പോലെ തന്നെത്താൻ ആക്കിയവനും തന്റെ കൈകളാൽ തന്റെ മഹത്വത്തിന് പങ്കാളികളും തന്റെ മക്കൾ എന്നപോലെ തന്റെ ബഹുമാനത്തിന്ന് കൂട്ടവകാശികളും ആക്കുന്നതിന്ന് ഞങ്ങൾക്ക് വാഗ്ദത്തം നൽകിയവനുമായ പരമോന്നതനേ, നിനക്കു ഞങ്ങൾ സ്തുതിയും ബഹുമാനവും പുകഴ്ചയും ആരാധനയും അർപ്പിക്കും. നിന്റെ കരുണയും കൃപയും എല്ലായ്പോഴും ഞങ്ങളുടെ എല്ലാവരുടെ മേലും ഉണ്ടായിരിക്കുമാറാകട്ടെ. നിനക്കും നീ മുഖാന്തരം നിന്റെ പിതാവിന്നും പരിശുദ്ധാത്മാവിന്നും, ഞങ്ങൾ മഹത്വവും ബഹുമാനവും പുകഴ്ചയും ആരാധനയും അർപ്പിക്കുന്നു. ഹാശ വവ്ഹുൽസ്വൻ വൽആലം ആൽമീൻ ആമീൻ.

**(ഹൂത്താമ കഴിഞ്ഞ് പുരോഹിതനും ശമ്മാശനും മാമോദീഥാ തൊട്ടിയുടെ അടുക്കലേക്ക് മദ്ബ്ഹായുടെ വാതിലൂടെ മടങ്ങിവന്ന് കീർത്തനങ്ങൾ ചൊല്ലുന്നു.)**

ആകയാൽ നിങ്ങൾ ഇപ്രകാരം പ്രാർത്ഥിപ്പിൻ. സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടട്ടെ, നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകട്ടെ.

അവൻ ഞങ്ങളുടെ ദൈവമായ കർത്താവാകുന്നു. കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, കടങ്ങളുടെ മോചനം നല്കുന്ന മാമോദീഥായും ഒന്നുതന്നെ.

എല്ലാ ദേവന്മാരേക്കാളും മഹാനായ രാജാവ്, നമ്മുടെ രാജാവ് നമ്മോട് കൂടെ, നമ്മുടെ ദൈവം നമ്മോട് കൂടെ നമ്മുടെ സഹായിയോ യാക്കോബിന്റെ ദൈവമാകുന്നു.



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഇപ്രകാരം അവൻ കൂടെയിരിക്കുന്ന ജനം ഭാഗ്യമുള്ളതാകുന്നു. തങ്ങളുടെ ദൈവം തങ്ങളുടെ യജമാനനായി ഇരിക്കുന്ന ജനത്തിന്ന് ഭാഗ്യം.

സിഹിയോനിൽ നിനക്ക് മഹത്വം യോഗ്യമാകുന്നു. ലോകത്തെ നയിക്കുന്ന ദൈവത്തിന്റെ പരിപാലന ശക്തിയെ പ്രതി മഹത്വം നിനക്കുമാത്രം യോഗ്യമാകുന്നു.

ജീവനുള്ള എല്ലാ കാലത്തോളവും മ്ശീഹായേ! നിർമ്മല ഹൃദയവും നിന്റെ ഇഷ്ടത്തെ നിറവേറ്റുന്നതിന്നുള്ള നന്മ പ്രവർത്തികളും നീ ഞങ്ങൾക്കു നല്കേണമേ.

ബാവായ്ക്കും പുത്രനും......... ഈ നിന്റെ ദാസരുടെ എല്ലാവരുടേയും പേരുകൾ ഉന്നതത്തിലെ യെരുശലേമിൽ മ്ശീഹായുടെ സന്നിധിയിൽ എഴുതപ്പെട്ടിരിക്കുന്നു.

അനാദി മുതൽ എന്നന്നേയ്ക്കും.......... നമുക്കു നിരപ്പുസമ്പാദിച്ചതും പുനരുത്ഥാനത്തിന്റെ വാഗ്ദാനം ലഭിച്ചതുമായ പുത്രന്റെ ഉയിർത്തെഴുന്നേല്പിനാൽ സൃഷ്ടികളെല്ലാം ഇതാ സന്തോഷിക്കുന്നു.

**(ശേഷിച്ച തൈലം ധൂപം, തിരി, എന്നിവയോടുകൂടി മദ്ബ്ഹായിൽ സൂക്ഷിച്ചുവയ്ക്കുന്നു)**

**സ്ലോത്ത :** കർത്താവേ, നിന്റെ കരുണയാൽ ഞങ്ങളുടെ കടങ്ങളുടെ മോചനത്തിന്നായി നീ ഞങ്ങൾക്കു നല്കിയ ഈ പരിശുദ്ധ രഹസ്യങ്ങളുടെ ദാനത്തെ പ്രതി നിന്റെ മഹത്വപ്പെട്ട ത്രിത്വത്തിന്ന് ഞങ്ങൾ എല്ലായ്പോഴും മഹത്വവും ബഹുമാനവും പുകഴ്ചയും ആരാധനയും ഉപകാരസ്മരണയും അർപ്പിക്കുവാൻ കടക്കാരാകുന്നു. എന്നേക്കും സർവ്വനാഥനായ.......

**ഉത്തരം :** "ആമീൻ ബാറീക്മാർ"

**സ്ലോത്ത :** ദൈവീകവും ജീവനുള്ളതും പരിശുദ്ധവും സ്തുതിക്കപ്പെട്ടതുമായ തന്റെ രഹസ്യങ്ങളാൽ ഞങ്ങളുടെ പിഴകളെ ക്ഷമിക്കുന്നവനും പാപങ്ങളേയും കടങ്ങളേയും മോചിക്കുന്നവനും ഞങ്ങളുടെ വർഗ്ഗത്തിന്റെ നല്ല പ്രത്യാശയുമായ മ്ശീഹായേ, അത്യുന്നതമായ നിന്റെ രാജ്യത്തിൽ നിന്റെ ബഹുമാന്യത



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ആരാദ്ധ്യവും വാഴ്ത്തപ്പെട്ടതുമാകുന്നു. എന്നേക്കും സർവ്വനാഥനായ........

(വെള്ളം അഴിച്ചുകളയുന്നതിന്നുള്ള പ്രാർത്ഥന)

വാഴ്ത്തപ്പെട്ടവനും പരിശുദ്ധനും ലോകങ്ങളുടെ ജീവനും അനശ്വരനും സ്വയഭൂവുമായുള്ളോവേ, നിന്റെ അപാരത മനുഷ്യന് ഗ്രഹിപ്പാൻ അസാദ്ധ്യമാകുന്നു. സർവ്വനാഥനായ നീ നിന്റെ ഇഷ്ടത്താൽ നിന്റെ സൃഷ്ടിയെ പരിപൂർണ്ണമാക്കിയിരിക്കുന്നു. നിന്റെ നാമം വിളിക്കുന്നവരായ ഞങ്ങളിൽനിന്നു നീ നിന്റെ ദാനത്തെ തടയാതെ ഞങ്ങൾക്ക് പരിശുദ്ധാത്മാവിനെ അയച്ചുതരികയും ഈ വെള്ളത്തെ സത്യത്തിൽ പരിശുദ്ധമാക്കുകയും ചെയ്തു. അതേ സത്യത്തിൽതന്നെ ഈ വെള്ളത്തിന്റെ പരിശുദ്ധിയെ അഴിച്ചുകളഞ്ഞ് അതിന്റെ പൂർവ്വസ്വഭാവത്തിങ്കലേക്ക് അതിനെ തിരിക്കേണമേ ഞങ്ങളുടെ അടുക്കലേയ്ക്കുള്ള നിന്റെ എല്ലാ സഹായത്തിന്നും കൃപകൾക്കും വേണ്ടി ഞങ്ങൾ നിനക്ക് മഹത്വവും ബഹുമാനവും പുകഴ്ചയും ആരാധനയും അർപ്പിക്കും. ഹാശവവ് ഹുൽസ്വൻ വൽ ആലം ആൽമീൻ.......

**(അല്പം വെള്ളം ഒഴിക്കുന്നു) (വെള്ളത്തിന്മേൽ സ്ലീവ വരക്കരുത്. എന്നാൽ തൊട്ടിയിൽ കൈയ്യിട്ട് അടപ്പ് ഊരി വെള്ളം കലക്കി അഴിച്ചുവിടുന്നു. പിന്നീട് സ്വല്പം വെള്ളം ഒഴിക്കുകയും ശമ്മാശൻ തൊട്ടി വൃത്തിയായി കഴുകുകയും ചെയ്യുന്നു. മാമോദീഥാ തക്സ ഇവിടെ അവസാനിക്കുന്നു.)**



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

---

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

---

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS